# പിറന്നാൾ




മാമരം തണൽ വിരി-
ച്ചീടുന്ന പച്ചപ്പുല്ലിൽ
മാനുകൾ മേയും വാടം;
യമുനാതരംഗങ്ങൾ
കുളിരും കരങ്ങളാൽ
ചാമരം വീശീടുന്ന
പാവന തപോവനം;
നീയുറങ്ങുന്നീ മണ്ണിൽ.

വാക്കുകൾക്കതീതമാം
നിശ്ശബ്‌ദ ദുഃഖത്തിന്റെ
തീരത്തിലിരുന്നു ഞാ-
നോർമ്മകൾ പുതുക്കുമ്പോൾ

വേദന തുളുമ്പുമെൻ
കണ്ണീരിൽക്കുതിർന്നു നിൻ
പാദരേഖകൾ മായു-
മെന്നു ഞാൻ ശങ്കിക്കുമ്പോൾ
നിന്നിലെ മഹത്വത്തെ
പാടി വാഴ്ത്തുവാനവ-
രെന്നിലെ ക്കവിയോടു
ചൊല്ലിയോ?- കേട്ടില്ല ഞാൻ.

കാൽകളിൽ ക്കനം തൂങ്ങും
ചങ്ങല പൊട്ടിച്ചെന്റെ
നാടുയർത്തെഴുന്നേൽക്കാൻ
വെമ്പിയ ദിനങ്ങളിൽ

എന്നിലെയുണരുന്ന
പൗരുഷം സടകുട-
ഞ്ഞെന്തിനും വിരിമാറു
കാട്ടിയ ദിനങ്ങളിൽ

ഇന്നലെ, യമർഷത്തിൻ
വർഷമേഘങ്ങൾ തിങ്ങി
നിന്ന വാനിനു കീഴി-
ലിവിടെ ച്ചുടുമണ്ണിൽ

കർമ്മചന്ദ്രനുമൊത്തു
രാജരഥ്യകൾ വിട്ടു
വന്നു നീ നാടിൻ കുരു-
ക്ഷേത്രത്തിലജ്ജയ്യനായ്.

ഈ വഴി കടന്നുപോ-
യെത്രയോപേർ, ചരിത്രത്തിൻ
താളുകൾ തിരുത്തിയ
മംഗല ജ്യോതിസ്സുകൾ!

എങ്കിലും നീയല്ലാതെ
മറ്റാരുമെന്നാത്മാവിൻ
തന്ത്രിയിലിത്രത്തോളം
ലോലമായ് സ്പർശിച്ചില!

കരളിൽ, പ്രപഞ്ചത്തിൻ
തീവ്രവേദനയും, തൻ
കരത്തിൽ ചെങ്കോൽ വെന്ന
ഭിക്ഷാപാത്രവുമായി

വന്നിതു തഥാഗതൻ-
അർഘ്യങ്ങൾ സമർപ്പിച്ചു
നിന്നു ഞാൻ കൈയും കൂപ്പി
ഭക്തിനമ്രനായ് മൂകം.

നീതി തൻ ഗീതാസാരം
സ്നേഹത്തിൽ പകർന്നേകി-
യീ വഴി വന്നു പിന്നെ-
യർദ്ധനഗ്നനാമൊരാൾ.

കെട്ടുകളഴിഞ്ഞപ്പോൾ,
വിലങ്ങു തെറിച്ചപ്പോൾ
അത്തിരുമുമ്പിൽ പ്രണ-
മിച്ചു ഞാനറിയാതെ.

ആത്മാഭിമാനത്തിൻെറ,
യാദർശ സ്വർഗ്ഗത്തിൻെറ
ആർഷഭാരതത്തിൻെറ
ഗാനങ്ങൾ പാടിപ്പാടി

എത്തിനാൻ ഗുരുദേവൻ;
കാലുകൾ കഴുകിച്ചാ-
സിദ്ധനെയാനന്ദത്തിൻ
പൂക്കളാലർച്ചിച്ചേൻ ഞാൻ.

എങ്കിലു, മെന്നാത്മാവു
പൂർണ്ണമായ് വിജ്രൃംഭിച്ച-
തന്നു നീ വഴിവക്കിൽ
വന്നു നിന്നപ്പോൾ മാത്രം.

ഞാനുണർന്നതു നിൻെറ
ധീരമാം ശബ്ദം കേട്ടു
പൂർവ ദിങ്മുഖം ചെവി-
യോർത്തു നിന്നീടും നേരം.

ഞാനുണർന്നതു നിൻെറ
കാലടിപ്പാടിൽക്കൂടെ
ദൂര ചക്രവാളങ്ങൾ
നോക്കി നിന്നീടും നേരം.

എന്തൊരുജ്ജ്വലമായ
ഭാവപൂർണ്ണിമ! ഞാനാ-
സുന്ദര സങ്കല്പത്തി-
ലെന്നെയും മറന്നല്ലോ.

നിർത്തുകെൻ സ്മൃതികളേ!
നർത്തനം; ത്രസിക്കുമെ-
ന്നുൾത്തുടിപ്പിവിടത്തെ
സ്വൈരത ഭഞ്ജിച്ചാലോ!

മാനുകൾ തുള്ളിച്ചാടി-
യോടുന്നു; തണൽ വിരി-
ച്ചാടുന്നു തരുനിര
നീയുറങ്ങുമീ മണ്ണിൽ.

ശാന്തിതൻ തപോവന-
മിസ്ഥലം; നിൻ ജന്മർക്ഷ-
മിദ്ദിനം; എന്നാൽ ശോക-
മൂകമെൻ വിപഞ്ചിക.

നിന്നപദാനങ്ങളെ
പ്പാടുകയല്ലല്ലോ ഞാൻ
എന്നഭിമാനങ്ങളെ-
യോർക്കുകയത്രേ ചെയ്തു.■ 1964

ഈ കവിത **All India Radio** തിരുവനന്തപുരം നിലയം പ്രക്ഷേപണം ചെയ്തു.